സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



## അപകടസ്ഥലം സന്ദർശിച്ച് കേന്ദ്രമന്ത്രി നിർമല സീതാരാമൻ

കരൂർ: ടിവികെ നേതാവും നടനുമായ വിജയ്‌യുടെ റാലിക്കിടെ തിരക്കിൽപ്പെട്ട് മരിച്ചവരുടെയും പരിക്കേറ്റവരുടെയും കുടുംബാംഗങ്ങളെ സന്ദർശിച്ച് കേന്ദ്രമന്ത്രി നിർമല സീതാരാമൻ. തമിഴ്നാട്ടിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരായ എൽ മുരുകൻ, നൈനാർ നാഗേന്ദ്രൻ, ജില്ലാ കളക്ടർ എന്നിവർക്കൊപ്പമാണ് നിർമല സീതാരാമൻ കരൂരിലെത്തിയത്. ആശുപത്രിയിൽ ചികിത്സയിലുള്ളവരെ കണ്ട് കേന്ദ്രമന്ത്രി വിവരങ്ങൾ തിരക്കി. അതേസമയം, മരിച്ചവരുടെ കുടുംബങ്ങൾക്ക് വിജയ് 20 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപയും നൽകും. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചിരുന്നു. തമിഴ്നാട് സർക്കാരും യഥാക്രമം പത്ത് ലക്ഷം രൂപയും ഒരു ലക്ഷം രൂപയും പ്രഖ്യാപിച്ചിരുന്നു. മരിച്ചവരുടെ കുടുംബങ്ങൾക്കായി മൊത്തം ഒരു കോടി രൂപ നൽകുമെന്ന് കോൺഗ്രസ് പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ബിജെപിയും പ്രഖ്യാപിച്ചു.

# സ്വർണപ്പാളി വിവാദത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി

## 'സന്നിധാനത്ത് എന്തുണ്ടെന്ന് പരിശോധിക്കണം'



കൊച്ചി: ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി. വിഷയം വിരമിച്ച ജഡ്ജി അന്വേഷിക്കണമെന്നാണ് നിർദേശം. ജസ്റ്റിസ് രാജ വിജയരാഘവൻ ഉൾപ്പെട്ട ദേവസ്വം ബെഞ്ചിന്റേതാണ് നിർദേശം. വിഷയവുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മിഷണർ ഹാജരായി കോടതിയെ വിവരങ്ങൾ അറിയിച്ചിരുന്നു. ശബരിമല സന്നിധാനത്തെ മുഴുവൻ കാര്യങ്ങൾ സംബന്ധിച്ചും വിശദമായ പരിശോധന വേണമെന്നും കോടതി വ്യക്തമാക്കി.

സ്വർണപ്പാളി അടക്കമുള്ള വിഷയങ്ങളിൽ ഒരുപാട് ദുരൂഹതകളുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. കണക്കുകളിൽ അവ്യക്തതയും സംശയവും നിലനിൽക്കുന്നുണ്ട്. ഇത് നീക്കേണ്ടതുണ്ട്. സന്നിധാനത്തെ രജിസ്റ്ററുകൾ പൂർണമല്ല. സന്നിധാനത്ത ആഭരണങ്ങൾ അടക്കമുള്ള കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. അതിനാൽതന്നെ ജില്ലാ ജഡ്ജി റാങ്കിൽ വിരമിച്ച ജഡ്ജി ഇക്കാര്യം അന്വേഷിക്കണം. അന്വേഷണത്തിന് രഹസ്യസ്വഭാവം ഉണ്ടായിരിക്കണം.

സ്വർണപ്പാളിയിൽ സ്വർണം പൂശിയതിലടക്കം സംശയമുണ്ട്. സ്ട്രോംഗ് റൂമിലെ വസ്തുക്കളുടെ കണക്കെടുക്കണം. സന്നിധാനത്ത് എന്തുണ്ടെന്ന് വ്യക്തവരുത്തണം. തിരുവാഭരണം രജിസ്റ്റർ ഉൾപ്പെടെ പരിശോധിക്കണം. ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്ന് പിഴവുണ്ടായെങ്കിൽ അത് അറിയിക്കണം. അന്വേഷണത്തിനായി വിരമിച്ച ജില്ലാ ജഡ്ജിയെ ദേവസ്വം ബോർഡിന് ശുപാർശ ചെയ്യാമെങ്കിലും നിയമനം നടത്തുന്നത് കോടതിയായിരിക്കും. വിജിലൻസ് സംഘം വിശദമായ അന്വേഷണം തുടരണം. അന്വേഷണ റിപ്പോർട്ട് കോടതിക്ക് നൽകണം. ഇതുസംബന്ധിച്ച വിവരങ്ങൾ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്ക് നൽകരുതെന്നും കോടതി പറഞ്ഞു. കേസ് അടുത്തമാസം 15ന് വീണ്ടും പരിഗണിക്കും.

ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളുടെ സ്വർണപ്പാളികളും താങ്ങുപീഠങ്ങളും 2019ൽ നവീകരിച്ചു തിരിച്ചെത്തിച്ചപ്പോൾ സ്വർണവും ചെമ്പുമടക്കം നാലു കിലോയുടെ കുറവുണ്ടായതിലാണ് വിജിലൻസ് അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടത്. ഇളക്കിയ സമയത്ത് 42.800 കിലോയാണ് രേഖപ്പെടുത്തിയത്. തിരിച്ചെത്തിച്ച് ഘടിപ്പിച്ചപ്പോൾ 38.653 കിലോയായി കുറയുകയായിരുന്നു. ചെമ്പ് ആവരണങ്ങളിലും താങ്ങുപീഠങ്ങളിലും 1999ൽ തന്നെ സ്വർണാവരണം (ക്ലാഡിംഗ്) ഉണ്ടായിരുന്നെന്ന് കോടതി കണ്ടെത്തിയിരുന്നു. പെട്രോൾ പോലെ, സ്വർണം ആവിയാകുന്നതെങ്ങനെയെന്നും കോടതി ചോദിച്ചു.

## മമ്മൂട്ടി തിരികെ സിനിമാ സെറ്റിലേക്ക്; മഹേഷ് നാരായണൻ ചിത്രത്തിൽ



കൊച്ചി: ഇടവേളയ്ക്കുശേഷം മമ്മുട്ടി സിനിമാ സെറ്റിലേക്ക് തിരിച്ചെത്തുന്നു. മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ഹൈദരാബാദ് ഷെഡ്യൂൾ മറ്റന്നാൾ ആരംഭിക്കും. ഫെയ്സ്ബുക്കിൽ നിർമാതാവ് ആന്റോ ജോസഫാണ് വിവരം പങ്കുവച്ചത്. 'പ്രിയപ്പെട്ട മമ്മൂക്ക വരുന്നു, പ്രാർത്ഥനകളിൽ കൂട്ടുവന്നവർക്കും, ഉലഞ്ഞപ്പോൾ തുണയായവർക്കും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടായിരുന്നു ആന്റോ ജോസഫിന്റെ കുറിപ്പ്. മോഹൻലാലും മമ്മൂട്ടിയും കുഞ്ചാക്കോ ബോബനും മഹേഷ് നാരായണനും ഒന്നിച്ചുള്ള ചിത്രത്തിനൊപ്പമാണ് കുറിപ്പ് പങ്കുവച്ചത്.

മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ തുടർന്ന് അഭിനയിക്കുവാൻ ഒക്ടോബർ ഒന്നുമുതൽ. ചെറിയൊരു ഇടവേളയായിരുന്നു ഇത്രയും കാലം എന്നുമാത്രമേ കരുതുന്നുള്ളൂ. അപ്രതീക്ഷിതമായി വന്ന ആ ഇടവേള ലോകമെങ്ങുമുള്ളവരുടെ പ്രാർത്ഥനകളുടെയും മനസ്സാന്നിധ്യത്തിന്റെയും ബലത്തിൽ അതിജീവിച്ചു. മമ്മുക്ക ഹൈദ്രാബാദ് ഷെഡ്യൂളിൽ ജോയിൻ ചെയ്യും.

## തൃശൂരിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു

തൃശൂർ : തൃശൂർ ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനിസ്ഥിരീകരിച്ചു. ഭോപാലിലെ എൻ.ഐ.എച്ച്.എസ്.എ.ഡി. ലാബിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചതെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. പന്നികളിൽ മാത്രം കണ്ടുവരുന്ന ഈ രോഗം മറ്റു മൃഗങ്ങളിലേക്കോ മനുഷ്യരിലേക്കോ പകരാൻ സാധ്യതയില്ലെന്ന് ചീഫ് വെറ്ററിനറി ഓഫിസർ ഡോ. ഐസക് സാം അറിയിച്ചു. മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ ആറാം വാർഡിലാണ് രോഗം കണ്ടെത്തിയത്.രോഗബാധ കണ്ടെത്തിയ ഫാമിനു ചുറ്റുമുള്ള ഒരു കിലോമീറ്റർ ചുറ്റളവ് രോഗബാധിത പ്രദേശമായും പത്തു കിലോമീറ്റർ രോഗനിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു.പന്നി, പന്നിമാംസം, പന്നി ഉൽപന്നങ്ങൾ, തീറ്റ എന്നിവ യടക്കം രോഗബാധിത മേഖലയിലേക്ക്കൊണ്ടുവരുന്നതും മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതും നി രോധിച്ചു

## 'സ്ക്രിപ്റ്റ് നോക്കി പ്രസംഗിക്കുന്ന വിജയ്, പെട്ടെന്നൊരു സംഭവം ഉണ്ടായപ്പോൾ എന്തു ചെയ്യണമെന്നറിയില്ല, തടി രക്ഷിക്കാൻ സ്ഥലം വിട്ടു'



ചെന്നൈ: തമിഴ്നാട് പിടിച്ചെടുക്കാനായി ദിഗ്വിജയത്തിനു പുറപ്പെട്ട വിജയ് യുടെ കണക്കുകൂട്ടൽ കാരൂരിൽ തെറ്റി. 41 പേരുടെ ഉയിരാണ് വിണ്ണേറിയത്. രാജ്യത്തെയാകെ ഞെട്ടിച്ച ദുരന്തത്തിനുശേഷം ടി.വി.കെ യ്ക്കു നേരെയോ വിജയ് യുടെ നേരെയോ സംഘടിതമായ രാഷ്ട്രീയ ആക്രമണം ഉണ്ടായിട്ടില്ല എന്നതാണ് ശ്രദ്ധേയം. സംഭവസ്ഥലത്തെ പൊതുജനങ്ങളിൽ ഒരു വിഭാഗം വിജയ്‌യെ കുറ്റപ്പെടുത്തുമ്പോൾ, മറ്റൊരു വിഭാഗം വിജയ്‌യെ ന്യായീകരിച്ച് ഡി.എം.കെ സർക്കാരിനെയും പൊലീസിനേയും ശക്തമായി വിമർശിക്കുകയാണ്. ഈ ദുരന്തത്തിന്റെ പ്രത്യാഘാതം ആരാകും അനുഭവിക്കേണ്ടിവരുന്നതെന്ന് വരുംനാളുകളിലേ അറിയാൻ കഴിയൂ. രാഷ്ട്രീയ തന്ത്രങ്ങൾക്ക് അതിൽ നിർണായക പങ്കുണ്ട്.

പ്രചാരണ വാഹനത്തിനു മുകളിൽ വിജയ് സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ തന്നെ ആളുകൾ കുഴഞ്ഞു വീഴുന്നുണ്ടായിരുന്നു. ആംബുലൻസുകൾ വന്നപ്പോൾപോലും വിജയ്ക്ക് കാര്യം പിടികിട്ടിയിരുന്നില്ല. ദുരന്ത സൂചന കിട്ടിയതോടെ പ്രസംഗം അവസാനിപ്പിച്ച് വാഹനത്തിനുള്ളിലേക്കു പോയ വിജയ് നേരെ എത്തിയത് തിരുച്ചിറപ്പള്ളി വിമാനത്താവളത്തിലാണ്. അവിടെ നിന്നു വീട്ടിലേക്കു പോയി. അതിനുശേഷമാണ് ഹൃദയം വിങ്ങുന്നു എന്ന് പറഞ്ഞ് എക്സിൽ പോസ്റ്റിട്ടത്.

## ഹോംവർക്ക് ചെയ്യാത്തതിന് തലകീഴായി കെട്ടിത്തൂക്കി

ചണ്ഡീഗഢ്: ഹരിയാന പാനിപ്പത്തിലെ ഒരു സ്വകാര്യ സ്കൂളിൽ കുട്ടികൾക്കെതിരെ നടന്ന ക്രൂരപീഡനത്തിന്റെ വീഡിയോകളാണ് ഇപ്പോൾ പ്രചരിക്കുന്നത്. ജാട്ടൽ റോഡിലുള്ള ഒരു സ്കൂളിലെ ജീവനക്കാർ കുട്ടികളോട് ക്രൂരമായി പെരുമാറുന്ന രണ്ട് വീഡിയോകളാണ് പുറത്തുവന്നത്. ഒരു വീഡിയോയിൽ ഹോംവർക്ക് ചെയ്യാത്തതിന് രണ്ടാം ക്ലാസ് വിദ്യാർത്ഥിയെ സ്കൂളിലെ ഡ്രൈവർ കയറുകൊണ്ട് തലകീഴായി കെട്ടി മർദിക്കുന്നത് കാണാം.

മുഖിജ കോളനിയിലെ നിവാസിയായ ആൺകുട്ടിയോടായിരുന്നു ഈ ക്രൂരത. സംഭവത്തിൽ വിദ്യാർത്ഥിയുടെ മാതാവ് ഡോളി പരാതിയുമായി രംഗത്തെത്തിയിട്ടുണ്ട്. തന്റെ 7വയസുകാരനായ മകനെ അടുത്തിടെയാണ് ഈ സ്കൂളിൽ ചേർത്തതെന്ന് ഡോളി പറഞ്ഞു. കുട്ടിയെ ശിക്ഷിക്കാൻ പ്രിൻസിപ്പൽ റീന ഡ്രൈവർ അജയിനെ വിളിച്ചുവരുത്തിയെന്നും തുടർന്ന് അയാൾ ആക്രമിച്ചെന്നും ഡോളി ആരോപിച്ചു. അജയ് തന്നെ ചിത്രീകരിച്ച് സുഹൃത്തുകൾക്ക് അയച്ച വീഡിയോയാണ് പ്രചരിച്ചത്. പിന്നാലെ വീഡിയോ കുട്ടിയുടെ ബന്ധുക്കൾ കാണുകയായിരുന്നു.

മറ്റൊരു വീഡിയോയിൽ പ്രിൻസിപ്പൽ റീന വിദ്യാർത്ഥികളുടെ മുഖത്ത് തുടരെ തുടരെ അടിക്കുന്നതും കാണാം. കുട്ടികൾ രണ്ട് സഹോദരിമാരോട് മോശമായി പെരുമാറിയെന്നും അവരെ ശിക്ഷിക്കുന്നതിന് മുൻപ് മാതാപിതാക്കളെ അറിയിച്ചിരുന്നുവെന്നും വീഡിയോ പ്രചരിച്ചതിന് പിന്നാലെ റീന പറഞ്ഞു. സ്കൂളിൽ ശിക്ഷയായി കുട്ടികളെകൊണ്ട് ടോയ്‌ലറ്റ് വൃത്തിയാക്കാൻ നിർബന്ധിക്കാറുണ്ടെന്നും മാതാപിതാക്കൾ ആരോപിക്കുന്നു.

പരാതിയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിനും ഡ്രൈവർക്കുമെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്.

## വിജയ്ക്കെതിരെ പൊലീസ് കേസെടുക്കും: സ്റ്റാലിന് നിയമോപദേശം ലഭിച്ചു

ചെന്നൈ: 41 പേരുടെ ദാരുണാന്ത്യത്തിന് കാരണമായ റാലി സംഘടിപ്പിച്ച തമിഴക വെട്രി കഴകം പ്രസിഡന്റ് വിജയ്‌യെ പ്രതിയാക്കി തമിഴ്നാട് പൊലീസ് ഇന്ന് കേസ് രജിസ്റ്റർ ചെയ്യും. ഇക്കാര്യത്തിൽ കോടതിയുടെ നിർദേശം വന്നില്ലെങ്കിലും കേസ് എടുക്കാമെന്ന് സംസ്ഥാന പൊലീസ് മേധാവി മുഖ്യമന്ത്രി എം.കെ.സ്റ്റാലിനെ അറിയിച്ചതായാണ് വിവരം. അറസ്റ്റുണ്ടായാൽ ക്രമസമാധാന പ്രശ്നമുണ്ടാകാതിരിക്കാനുള്ള മുന്നൊരുക്കം പൊലീസ് നടത്തും. വിജയ്ക്കെതിരെ കേസെടുത്ത് നിയമ നടപടിയുമായി മുന്നോട്ടു പോകാമെന്നുള്ള നിയമോപദേശവും മുഖ്യമന്ത്രിക്കു ലഭിച്ചിട്ടുണ്ട്.

വിജയ്ക്കെതിരെ കേസെടുത്ത് അറസ്റ്റ് ചെയ്താൽ ടി. വി. കെ അത് ഡി.എം.കെയ്ക്കെതിരെ രാഷ്ട്രീയ ആയുധം ആക്കുമെന്ന ആശങ്കയിലാണ് ഇന്നലെ അതുണ്ടാകാത്തത്. എന്നാൽ ഇന്നലെ രാത്രി പാർട്ടി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കനിമൊഴി എം.പി ദുരന്തത്തിന്റെ ഉത്തരവാദിത്വം റാലി സംഘടിപ്പിച്ച പാർട്ടിക്കാണെന്ന് വ്യക്തമാക്കിയിരുന്നു. വിജയ്‌യെ അറസ്റ്റ് ചെയ്യണമെന്ന ആവശ്യം തമിഴ്നാടിന്റെ വിവിധഭാഗങ്ങളിൽ നിന്നും ഉയരുന്നുണ്ട്. വിജയ്‌യുടെ വീട്ടിലേക്ക് വിദ്യാർത്ഥികൾ പ്രകടനവും നടത്തിയിരുന്നു.

റാലി നയിച്ചത് ടി.വി.കെ പ്രസിഡന്റ് വിജയ് ആണ്. എന്നാൽ ഇതുവരെ കേസെടുത്തത് ടി.വി.കെ സംസ്ഥാന ജനറൽ സെക്രട്ടറി ബുസി ആനന്ദ്, ജോയിന്റ് സെക്രട്ടറി സി.ടി നിർമൽ കുമാർ, കരൂർ ജില്ലാ സെക്രട്ടറി മതിയഴകൻ എന്നിവർക്കെതിരെയാണ്. മനഃപ്പൂർവമല്ലാത്ത നരഹത്യ ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരമാണ് കേസ്.

## നിര്യാതനായി



**സന്തോഷ്**

കുന്നംകുളം: ആനായ്ക്കൽ തോന്നിയാം കാവ് ക്ഷേത്രത്തിനടുത്ത് പരേതനായ മേൽ വീട്ടിൽ സുബ്രഹ്മണ്യൻ മകൻ സന്തോഷ് (53) അന്തരിച്ചു. വാടാനപ്പിള്ളിയിൽ വച്ചായിരുന്നു അന്തരിച്ചത് എന്ന് പറയുന്നു. ഭാര്യ രമ്യ, മകൾ ദിഷ.

## ട്രംപിന്റെ അവകാശവാദങ്ങൾക്കിടെ വെടിനിർത്തൽ കരാറിൽ അന്തിമ രൂപമായിട്ടില്ലെന്ന് നെതന്യാഹു



വാഷിങ്ടൺ: ഗസ്സയിലെ വെടിനിർത്തൽ കരാറിൽ അന്തിമ രൂപമായിട്ടില്ലെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബിന്യമിൻ നെതന്യാഹു. ഇതുസംബന്ധിച്ച് ചർച്ചകൾ നടക്കുകയാണെന്നും നെതന്യാഹു പറഞ്ഞു. പ്രസിഡന്റ് ട്രംപുമായി ചേർന്നാണ് വെടിനിർത്തൽ ചർച്ചകൾ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വെടിനിർത്തൽ കരാർ യാഥാർഥ്യമാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷ.

ഹമാസിൽ നിന്നും ബന്ദികളെ മോചിപ്പിക്കണം. അവരുടെ ഭരണം അവസാനിപ്പിച്ച് ഗസ്സയെ നിരായുധീകരിക്കുകയും ഗസ്സയിലുള്ളവർക്കും ഇസ്രായേലികൾക്കും പുതിയൊരു ജീവിതം ഉണ്ടാവുകയും വേണമെന്നും നെതന്യാഹു പറഞ്ഞു.

**'മിഡിൽ ഈസ്റ്റിനെ കുറിച്ച് വൻ പ്രഖ്യാപനമുണ്ടാവും': ട്രംപ്.**

വാഷിങ്ടൺ: സവിശേഷമായൊന്ന് മിഡിൽ ഈസ്റ്റിൽ സംഭവിക്കാൻ പോകുന്നുവെന്ന സൂചന നൽകി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വലിയൊരു മാറ്റമായിരിക്കും അത്. ഇതിന് വേണ്ടിയുള്ള പ്രവർത്തനത്തിലാണ് താനെന്നും ട്രംപ് പറഞ്ഞു. മിഡിൽ ഈസ്റ്റിനെ മഹത്വവൽക്കരിക്കുന്നതിനായി നമുക്ക് ഒരു അവസരമുണ്ട്. സവിശേഷമായൊന്നിന് വേണ്ടി എല്ലാവരും ഒരുമിക്കുകയാണ്. ഇതാദ്യമായാണ് ഇത്തരമൊന്ന്. നമുക്ക് എല്ലാവർക്കും ചേർന്ന് ഇത് പൂർത്തിയാക്കാമെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു.

അതേസമയം, എന്ത് പ്രഖ്യാപനമാണ് മിഡിൽ ഈസ്റ്റിനെ കുറിച്ച് ഉണ്ടാവുകയെന്നത് സംബന്ധിച്ച് ഒരു സൂചനയും ട്രംപ് നൽകിയിട്ടില്ല. ഗസ്സയിലെ വെടിനിർത്തലിനെ സംബന്ധിച്ചാവും പ്രഖ്യാപനമെന്നാണ് അഭ്യൂഹം. വൈറ്റ്ഹൗസിൽ ഇസ്രായേൽ പ്രധാനമന്ത്രി ബിന്യമിൻ നെതന്യാഹുവുമായി കൂടിക്കാഴ്ച നടത്താനിരിക്കെയാണ് ട്രംപിന്റെ പ്രതികരണമെന്നതും ശ്രദ്ധേയമാണ്.

## 'ജയിലിൽ വെച്ച് വിഷം നൽകി കൊല്ലാൻ ശ്രമിച്ചു; കഴിച്ചത് സ്വന്തമായി പാചകം ചെയ്ത ഭക്ഷണങ്ങൾ'

ലഖ്നോ: ജയിൽ വെച്ച് തന്നെയും മകനെയും വിഷം നൽകി അപായപ്പെടുത്താൻ നീക്കം നടന്നുവെന്ന വെളിപ്പെടുത്തലുമായി 23 മാസത്തെ ജയിൽ വാസത്തിനു ശേഷം മോചിതനായ മുതിർന്ന സമാജ്‌വാദി പാർട്ടി നേതാവും മുൻ മന്ത്രിയുമായ അസംഖാൻ.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ജയിൽ മോചിതനായ ശേഷം, ന്യൂഡൽഹിയിലെ ശ്രീ ഗംഗ റാം ആശുപത്രിയിൽ ചികിത്സ തേടിയ അസംഖാൻ മുൻ രാജ്യസഭ അംഗവും മാധ്യമ പ്രവർത്തകനുമായ ഷാഹിദ് സിദ്ദീഖിയുമായി സംസാരിക്കവെയാണ് ജയലിൽ വെച്ച് തന്നെയും മകൻ അബ്ദുല്ല അസംഖാനെയും വിഷം നൽകി കൊലപ്പെടുത്താൻ ശ്രമമുണ്ടായെന്ന് വെളിപ്പെടുത്തിയത്. ഭക്ഷണത്തിൽ വിഷം ചേർത്ത് നൽകി, പതിയെ കൊലപ്പെടുത്താനുള്ള നീക്കം തിരിച്ചറിഞ്ഞതോടെ ജയിൽ ഭക്ഷണം ഉപേക്ഷിച്ച് സ്വന്തമായി പാചകം ചെയ്യുന്നത് പതിവാക്കിയതായും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം ജയിലിൽ മരിച്ച മുൻ ബി.എസ്.പി നേതാവും 5തവണ എം.എൽ. എയുമായ മുക്താർ അൻസാരിയുടെ മാതൃകയിൽ വിഷം നൽകി, പതിയെ കൊലപ്പെടുത്തുകയായിരുന്നു അധികൃതരുടെ നീക്കമെന്നും ഇത് കൃത്യസമയത്ത് തിരിച്ചറിയാനായെന്നും അസം ഖാൻ, ഷാഹിദ് സിദ്ദീഖിയോട് വെളിപ്പെടുത്തി. താനും, ഭാര്യയും മക്കളും ഉൾപ്പെടെ മുഴുവൻ കുടുംബത്തെയും ബി.ജെ.പി ലക്ഷ്യം വെച്ചിരുന്നതായും അദ്ദേഹം പറഞ്ഞു.

**കോടതി പരസ്യം**

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ**

CC: 378/2024

മേരി സി. എ

-ഹരജിക്കാരി

1) റോസമ്മ, W/o. മാത്യു പി.സി, പെരുമ്പ്രയിൽ ഹൗസ്, ചോറ്റുപാറ, കിള്ളന്നൂർ തൃശൂർ – 680 581

2. ബിൻസി, D/o. മാത്യു പി.സി, പെരുമ്പ്രയിൽ ഹൗസ്, ചോറ്റുപാറ, കിള്ളന്നൂർ തൃശൂർ – 680 581

3. ജിൻസി, D/o. മാത്യു പി.സി, പെരുമ്പ്രയിൽ ഹൗസ്, ചോറ്റുപാറ, കിള്ളന്നൂർ തൃശൂർ – 680 581

-8,9,10 എതൃകക്ഷികൾ

മേൽ നമ്പർ കേസ് **23-01-2026** തിയ്യതിക്ക് അടുത്ത വിചാരണയ്ക്ക് വച്ചിരിക്കുന്നു. കേസ് കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കമ്മീഷൻ മുമ്പാകെ ഹാജരായി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-09-2025

ഹർജിഭാഗം അഡ്വക്കേറ്റ്

**ലിനിൽ ഫ്രാൻസിസ് ടി.**

(ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP (MV) 1178/2024

Abdul Yasar E.

-ഹരജിക്കാരൻ

Mrs. Rebina, W/o. Abdul Saleem, Rayimarakkar Veettil House, Eramangalam P.O., Malappuram-679573

-4-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽപരസ്യം ചെയ്യുവാൻ കല്പിച്ച് കേസ് **06-11-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 11-09-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**പി ഡി ജോസ്**

തൃശൂർ (ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

OS: 286/2025

M/s E.T. Devassy & Sons Finance Pvt. Ltd. Rep by M.D. Shaju

-വാദി

1) Pravin Thayyil Sivasankaran, aged 38 years, Interior Designer, S/o. Sivasankaran, Thayyil House, P.O. Kuzhikkattussery, Thazhekkad Desom, Near Thayyil Bhagavathi Temple, Thazhekkad Village, Chalakkudy Taluk, Thrissur Dt.-Pin: 680697

2) Staniya K.R., aged 35 years, Teacher, W/o. Parvin T.S., Thayyil House, P.O. Kuzhikkattussery, Thazhekkad Desom, Near Thayyil Bhagavathi Temple, Thazhekkad Village, Chalakkudy Taluk, Thrissur Dt.-Pin: 680697


- പ്രതികൾ

മേൽ നമ്പറിൽപ്രതികൾക്കുള്ള സമൻസ് പതിച്ചുനടത്താൻ കല്പിച്ച് കേസ് **30-10-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി രാവിലെ 11 മണിക്ക് പ്രതികളോ ടിയാർ അധികാരപ്പെടുത്തിയ വക്കീലോ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കാത്ത പക്ഷം മേൽ നമ്പർ കേസ് പ്രതികളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 27-09-2025

വാദിഭാഗം അഡ്വക്കേറ്റ്

**Sunny K. Manjaly** (ഒപ്പ്)



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ഇരിങ്ങാലക്കുട കെ എസ് ആർ ടി സി ഡെപ്പോയ്ക്ക് സംരക്ഷണ കവചം ഒരുക്കും : സംരക്ഷണ സമിതി




ഇരിങ്ങാലക്കുട : ജീവനക്കാരുടെ ലഭ്യതക്കുറവു ചൂണ്ടിക്കാട്ടി നിരവധി സർവ്വീസുകൾ നിർത്തലാക്കിയ ഇരിങ്ങാലക്കുട ഡെപ്പോ അടച്ചു പൂട്ടാതിരിക്കാൻ നാട്ടുകാർ സംരക്ഷണ കവചമൊരുക്കുമെന്ന് കെ എസ് ആർ ടി സി സംരക്ഷണ സമിതി സംഘടിപ്പിച്ച സംരക്ഷണ സദസ്സ് പ്രഖ്യാപിച്ചു.

താൻ ഗവ ചീഫ് വിപ്പ് ആയിരിക്കുമ്പോൾ 2016ൽ ഇരിങ്ങാലക്കുട ഓപ്പറേറ്റിങ് സെന്ററിനെ സബ് ഡെപ്പോ ആക്കി ഉയർത്തുകയും, പോൾ മെല്ലിറ്റ് എന്ന അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസറെ നിയമിക്കുകയും ചെയ്തെങ്കിലും തന്റെ പിൻഗാമികളായി എത്തിയ ജനപ്രതിനിധികളുടെ കെടുകാര്യസ്ഥത മൂലം ഇതിനെ വീണ്ടും ഓപ്പറേറ്റിങ് സെന്ററായി വ്യാഖ്യാനിക്കുകയുമാണ് ഉണ്ടായതെന്ന് സംരക്ഷണ സദസ്സ് ഉൽഘാടനം ചെയ്ത അഡ്വ തോമസ് ഉണ്ണിയാടൻ പറഞ്ഞു. തനിക്ക് മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് നാട്ടുകാരുടെ പിന്തുണ കൂടി ഉണ്ടായതുകൊണ്ടാണ്. താൻ എം എൽ എ ആയിരിക്കുമ്പോൾ ഇവിടെ നിന്ന് 28 സർവ്വീസുകൾ നടത്തിയിരുന്നതിന്റെ രേഖകൾ തന്റെ കൈവശമുണ്ട്. മറിച്ചുള്ള പ്രസ്താവനകൾ സത്യവിരുദ്ധമാണെന്നും ഉണ്ണിയാടൻ വ്യക്തമാക്കി. ചടങ്ങിൽ സംരക്ഷണ സമിതി ചെയർമാൻ രാജീവ് മുല്ലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു.

സംരക്ഷണ സമിതി ജനറൽ കൺവീനർ സേതുമാധവൻ പറയംവളപ്പിൽ, നഗരസഭാ കൗൺസിലർമാരായ സന്തോഷ് ബോബൻ, കെ എം , സന്തോഷ്, അമ്പിളി ജയൻ, സ്മിത കൃഷ്ണകുമാർ, ഭാരതീയ വിദ്യാഭവൻ ചെയർമാൻ ടി അപ്പുക്കുട്ടൻ നായർ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി കെ ഐ നജാഹ്, റിട്ട തഹസിൽദാർ ശ്രീധരൻ മുതിരപ്പറമ്പിൽ, ഹരികുമാർ തളിയക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു.

## എംഡിഎംഎയുമായി 2 പേർ പിടിയിൽ



തൃശ്ശൂർ: മണ്ണുത്തിയിൽ 50 ഗ്രാം എംഡിഎംഎയുമായി രണ്ടുപേർ തൃശ്ശൂർ എക്സൈസ് നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡിന്റെ പിടിയിൽ. നിരവധി കേസുകളിൽ പ്രതിയായ മണ്ണുത്തി സ്വദേശി സിന്റോ, ചുവന്നമണ്ണ് സ്വദേശി മുഹമ്മദ് ഷഫീർ എന്നിവരാണ് പിടിയിലായത്.

## സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളജിൽ മെഗാ തൊഴിൽ മേള – പ്രയുക്തി 2025 ഉത്ഘാടനം ചെയ്തു



ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് (ഓട്ടോണോമസ്) കോളജ്,തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആന്റ് എംപ്ലോയബിലിറ്റി സെന്ററുമായി സഹകരിച്ചു മെഗാ തൊഴിൽ മേള 'പ്രയുക്തി 2025' മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർ പേഴ്സൺ, മേരിക്കുട്ടി ജോയ് അധ്യക്ഷയായിരുന്ന ചടങ്ങിൽ അശോകൻ ആർ സ്വാഗതം പറഞ്ഞു.

കൗൺസിലർ ഫെനി എബി വെള്ളാനിക്കാരൻ സി. വൈസ് പ്രിൻസിപ്പൽ, സെന്റ്, ജോസഫ് കോളേജ് ഡോ.വിജി എം. ഒ, ബിജു ടി ജി, എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്), മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തൃശൂർ, സനോജ് കെ എസ്, (എംപ്ലോയ്മെന്റ് ഓഫീസർ,ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇരിഞ്ഞാലക്കുട ) എന്നിവർ ആശംസകൾ നേർന്നു.

ഷാജു ലോനപ്പൻ എം, എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്,മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) നന്ദിയും പറഞ്ഞു. ഫൈനാൻസിങ്ങ് , ഓട്ടോ മൊബൈൽ, ഹെൽത്ത്, വിദ്യാഭ്യാസം, ഇൻഷുറൻസ്, മാർക്കറ്റിംഗ് എന്നീ മേഖലകളിലാണ് ഒഴിവുകൾരേഖപെടുത്തിയിരുന്നത്. രാവിലെ 9 മണി മുതൽ കോളജിൽ സ്പോട്ട് രജിസ്ട്രേഷൻ നടന്നു. നാൽപത്തഞ്ചിൽ അധികം കമ്പനികൾ ഉണ്ടായിരുന്നു. 605 ഉദ്യോഗാർത്ഥികൾ തൊഴിൽമേളയിൽ പങ്കെടുത്തു. 211പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 72 പേർ ജോലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

## കോടതി പരസ്യം

### ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ

OS: 495/2024, IA: 2/2025

മെട്രോ പിൻവെസ്റ്റ് എന്ന പാർട്ണർഷിപ്പ് സമാപനത്തെ പ്രതിനിധീകരിച്ച് മാനേജിംഗ് പാർട്ണർ ബേസിൽ ബേബി

-ഹർജി/ വാദി

1) ചാലക്കുടി താലൂക്ക്, കല്ലൂർ തെക്കുംമുറി വില്ലേജ്, മാമ്പ്ര പോസ്റ്റിൻ പരിധിയിൽ പിൻ – 680308, വെസ്റ്റ് കൊരട്ടി ദേശത്ത് ചോട്ടക്കൽ വീട്ടിൽ ഹംസ മകൻ ഉദ്ദേശം 30 വയസ്സ് പ്രൈവറ്റ് ജോലി സജിത്ത്.സി.എച്ച്

-1-ാംഎതൃകക്ഷി/ പ്രതി

മേൽ നമ്പർ കേസ്സിൽ 1-ാം പ്രതിക്കെതിരെയുള്ള സദൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചും, പത്രത്തിൽ നൽകുവാനും അനുവദിച്ച് ടി കേസ്സ് വിചാരണക്കായി 1811125 തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കേസ്സിൽ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെ ങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ കേസ്സ്' തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 2025 ആഗസ്റ്റ് മാസം 14 ന്
വാദി ഭാഗം അഡ്വക്കെറ്റ്
**വിൽസൻ ജോസ് വടാശ്ശേരി** (ഒപ്പ്)

# നവരാത്രി ആശംസകളോടെ

**നവരാത്രി ഒന്നാം ദിനം**

ദുർഗ്ഗ ദേവിയുടെ ആദ്യ ഭാവമാണ് ശൈലപുത്രി ദേവി. ഹിമാവന്റെ പുത്രിയായ ശൈലപുത്രിയെ, ഹേമവതി എന്നും പാർവ്വതി എന്നും വിളിക്കുന്നു. ശൈലപുത്രിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'വന്ദേ വാഞ്ചിതലാഭയാ ചന്ദ്രാർദ്ധകൃത ശേഖരം
വൃഷാരൂഢാം ശൂലധരാം ശൈലപുത്രീ യശ്വിനീം'

ഈ നാല് രാശിയിലുള്ള പെൺകുട്ടികൾ കടുത്ത ദേഷ്യക്കാരികളായിരിക്കും

**നവരാത്രി രണ്ടാം ദിനം**

ദേവിയുടെ രണ്ടാമത്തെ ഭാവമാണ് ബ്രഹ്മചാരിണി. ഈ ഭാവത്തിലാണ് ദുർഗ്ഗ ദേവി ശിവനെ പതിയായി ലഭിക്കാൻ കഠിനമായ തപസ്സ് അനുഷ്ഠിച്ചത്. ബ്രഹ്മചാരിണിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

ദധാന കരപദ്മാഭ്യാം അക്ഷമാല കമണ്ഡലം
ദേവീ പ്രസീദതു മയി
ബ്രഹ്മചാരിണ്യനുത്തമ'

**നവരാത്രി മൂന്നാം ദിനം**

ദുർഗ്ഗയുടെ മൂന്നാം ഭാവമാണ് ചന്ദ്രഘാണ്ഡ. വിവാഹത്തിലേക്ക് കടക്കുന്ന ദേവിയുടെ ഭാവമാണിത്. ചന്ദ്രഘണ്ഡ ദേവിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'പിണ്ഡജ് പ്രവ്രരൂഢാ ചണ്ഡകോപാസ്ത്രകൈയുർതാ
പ്രസീദം തനുതേ മഹ്യം ചന്ദ്രഘ്ണ്ഡേതി വിശ്രുതാ'

**നവരാത്രി നാലാം ദിനം:**

*കൂശ്മാണ്ഡ ദേവി മന്ത്രം*

കൂശ്മാണ്ഡ ദുർഗ്ഗയുടെ നാലാമത്തെ ഭാവമാണ്. ഈ ഭാവത്തിൽ ദേവി സൂര്യനിൽ വസിക്കുന്നുവെന്നും ദേവിയുടെ ചൈതന്യത്താൽ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദേവിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'വന്ദേ കാമാർത്ഥേ ചന്ദ്രഗൃത ശേഖരം
സിംഹാരൂഢാ അഷ്ടഭുജ കൂഷ്മാണ്ഡ യശസ്വനീം'

**നവരാത്രി അഞ്ചാം ദിനം**

സ്കന്ദ ദേവി മന്ത്രം

ദുർഗ്ഗ ദേവിയുടെ അഞ്ചാമത്തെ ഭാവമാണ് സ്കന്ദമാത. ദേവിക്ക് കാർത്തികേയൻ എന്ന സ്കന്ദൻ ജനിച്ചപ്പോൾ സ്കന്ദമാത എന്ന ദേവി ഭാവം കൈവന്നു. സ്കന്ദ ദേവി ഭജിക്കേണ്ട ധ്യാനമന്ത്രം:

'സിംഹസംഗതാ നിത്യം പദ്മശ്രിത്കർദ്വ്യാശുഭ്ദസ്തു സദാ ദേവീ സ്കന്ദമാതാ യശ്വിനീ'

**നവരാത്രി ആറാം ദിനം**

*കാർത്ത്യായനി ദേവി മന്ത്രം*

കാർത്ത്യായനി എന്നത് ദേവിയുടെ ആറാമത്തെ ഭാവമാണ്. കോപാകുലമായ ഈ ഭാവത്തിലാണ് ദേവി മഹിഷാസുരനെ നിഗ്രഹിച്ചത്. കാർത്ത്യായനി ദേവിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'സ്വർണാഗ്യ ചക്ര സ്ഥിതം ഷഷ്ഠം
ദുർഗാ ത്രിനേത്രം
വരാഭിത കരം ഷഡ്ഗപദ്മധരം
കാത്യൻസുതം ഭജാമി'

**നവരാത്രി ഏഴാം ദിനം**

കാലരാത്രി ദേവി ദുർഗ്ഗയുടെ ഏഴാമത്തെ ഭാവമാണ്. ഉഗ്രരൂപ ഭാവത്തിലുള്ള കാലരാത്രി ദേവിയാണ് ദുഷ്ട ശക്തികളായ ശുംഭനെയും നിശുംഭനെയും നിഗ്രഹിച്ചത്. ദേവിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'കരാൽവദനം ഘോരം മുക്തകേശി
ചതുർഭജം
കാല രാത്രിം കരളികാം ദിവ്യാം
വിദ്യുത്മലാ വിഭൂഷിതം'

**നവരാത്രി എട്ടാം ദിനം**

**ഗൗരീ ദേവി മന്ത്രം**

ദുർഗ്ഗയുടെ എട്ടാമത്തെ ഭാവമാണ് ഗൗരി ദേവി. കൗമാര പ്രായം വരെ പാർവ്വതി ദേവി അതിസുന്ദര രൂപത്തിലായിരുന്നുവെന്നും ആ ഭാവമാണ് ഗൗരി എന്നും വിശ്വസിക്കപ്പെടുന്നു. ഗൗരീ ദേവിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:

'പൂർണ്ണാന്ദു നിഭാം ഗൗരി സോമചക്ര സ്ഥിതം അഷ്ടമം മഹാഗൗരി
ത്രിനേത്രം വരാഭീതികരാം ത്രിശൂലം ഢമരൂധരം മഹാഗൗരി ഭജേം'


**നവരാത്രി ഒമ്പതാം ദിനം**

**സിദ്ധിധാത്രി ദേവി മന്ത്രം**

ദുർഗ്ഗ ദേവിയുടെ ഒമ്പതാമത്തെ ഭാവമാണ് സിദ്ധിധാത്രി. പ്രപഞ്ചം സൃഷ്ടിക്കുന്നതിനുമായി പരമശിവൻ പരാശക്തിയെ ആരാധിച്ചിരുന്നുവെന്നും ഈ ഭാവത്തിലുള്ള ദേവി ശിവന്റെ മറുപകുതിയാണെന്നും വിശ്വസിക്കുന്നു. സിദ്ധിധാത്രിയെ ഭജിക്കേണ്ട ധ്യാനമന്ത്രം:









## ഇരിങ്ങാലക്കുട ടൗൺ ബാങ്ക് വാർഷിക പ്രാതിനിധ്യ പൊതുയോഗം




ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്കിന്റെ 107-ാമത് വാർഷിക പ്രാതിനിധ്യ പൊതുയോഗം ബാങ്ക് ഓഡിറ്റോറിയത്തിൽ ചേർന്നു.

ബാങ്ക് ചെയർമാൻ എം.പി. ജാക്സൺ അധ്യക്ഷത വഹിച്ചു. ബാങ്ക് മാനേജിങ് ഡയറക്ടർ എ.എൽ. ജോൺ പ്രവർത്തന റിപ്പോർട്ടും അടുത്ത സാമ്പത്തിക വർഷത്തിലേക്കുള്ള ആക്ഷൻ പ്ലാനുകളും സമർപ്പിച്ചു. ബാങ്ക് വൈസ് ചെയർമാൻ പ്രൊഫ. ഇ.ജെ. വിൻസെന്റ് സ്വാഗതവും, ബാങ്ക് ഡയറക്ടർ കെ.കെ. ചന്ദ്രൻ നന്ദിയും പറഞ്ഞു.

## മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോറിന്റെ വാർഷിക പൊതുയോഗം




തൃശ്ശൂർ ജില്ല മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോറിന്റെ വാർഷിക പൊതുയോഗം ജില്ലാ സഹകരണ ആശുപത്രി പ്രസിഡന്റ് ടി കെ പൊറിഞ്ചു ഉദ്ഘാടനം ചെയ്തു. സ്റ്റോറിന്റെ പ്രസിഡണ്ട് സി എ ശങ്കരൻകുട്ടി അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ എ ടി സ്റ്റെയിൻസ് വാർഷിക റിപ്പോർട്ട്, 26 27 വർഷങ്ങളിലേക്കുള്ള ബഡ്ജറ്റും, സ്റ്റോറിന്റെ ഭാവി പ്രവർത്തന പദ്ധതികൾ വിവരിച്ചു.

യോഗത്തിൽ കെ എസ് ജോർജ്, കെ ബി ജയറാം, എൻ ആർ രാധാകൃഷ്ണൻ, എ ആർ രാമചന്ദ്രൻ സി മുരാരി, സണ്ണി പനയ്ക്കൽ, സി കെ വിനോദ്, അംബിക, ഉസ്മാൻ, മിനി ജോസ് കാച്ചപ്പിള്ളി, അമൽ കൃഷ്ണൻ, എൻ അരവിന്ദാക്ഷൻ തുടങ്ങിയവർ പ്രസംഗിച്ചു.